നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട അംഗം എ. പി. അബ്ദുള്ളക്കുട്ടി പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി മാറ്റി റോഡ് ടാറിംഗിന് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. പ്ലാസ്റ്റിക് മാലിന്യങ്ങൾ ടാറിനോടൊപ്പം ചേർത്ത് റോഡ് നിർമ്മാണം നടത്തുന്നതിന്റെ പ്രായോഗികത സംബന്ധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കാനായി ഡോ. ആർ. വി. ജി. മേനോന്റെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാന സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, നാറ്റ്പാക്കിലെ ശ്രീ. ടി. ഇളങ്കോവൻ, മധുര ത്യാഗരാജർ എഞ്ചിനീയറിംഗ് കോളേജിലെ പ്രൊഫസർ വാസുദേവൻ എന്നിവരാണ് ഈ സമിതിയിലെ മറ്റ് അംഗങ്ങൾ. ഈ സമിതിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് നിരത്തുകളുടെ ഉപരിതലം മിനുസപ്പെടുത്തുന്ന പ്രവൃത്തി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യത്തെ നരിക്കൽ-പുല്ലാനിവിള-ചാവടിമുക്ക് റോഡിൽ 500 മീറ്റർ നീളത്തിൽ നടത്തിയിട്ടുണ്ട്. അതിന്റെ ഗുണമേന്മയും നിലനിൽപ്പും സംബന്ധിച്ച നിരീക്ഷണങ്ങൾ നടന്നുവരുന്നതേയുള്ളു. സമിതിയുടെ റിപ്പോർട്ട് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ സാങ്കേതിക വിദ്യയ്ക്ക് ഇന്ത്യൻ റോഡ് കോൺഗ്രസ്, കേന്ദ്ര ഉപരിതല റോഡ് മന്ത്രാലയം (സെൻട്രൽ സർഫസ് ട്രാൻസ്പോർട്ട് മിനിസ്ട്രി) എന്നിവയുടെ അംഗീകാരം നേടിയെടുക്കേണ്ടതുണ്ട്. അത് ലഭിച്ചതിനുശേഷം തീർച്ചയായിട്ടും ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മാണം നടത്തുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(9) ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, കണ്ണൂർ ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെട്ട വളപട്ടണം പുഴയുടെ തീരദേശ പഞ്ചായത്തുകളിൽ ഡിസംബർ മാസം 24 മുതൽ എല്ലാ ദിവസവും ഉപ്പുവെള്ളം കയറിക്കൊണ്ടിരിക്കുകയാണ്. കണ്ണവരം, കല്ല്യാശ്ശേരി, അഴീക്കോട്, ചെറുകുന്ന്, പാപ്പിനിശ്ശേരി പഞ്ചായത്തുകളിൽ ഈ രീതിയിൽ ഏതാണ്ട് രണ്ട് മീറ്ററോളം ഉയരത്തിലാണ് ഉപ്പുവെള്ളം കയറിയിട്ടുള്ളത്. നിരവധി വീടുകളിൽ ഉൾപ്പെടെ ഉപ്പുവെള്ളം കയറുന്ന അവസ്ഥയാണുള്ളത്. ഏതാണ്ട് 200 ഏക്കറോളം കൃഷിസ്ഥലത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയാണ്. വ്യാപകമായി ഈ പ്രദേശത്ത് നെല്ല് കൃഷി ചെയ്യുന്നുണ്ട്. അതെല്ലാം പൂർണ്ണമായി നശിച്ചുകഴിഞ്ഞിരിക്കുന്നു. മാത്രമല്ല ഉപ്പുവെള്ളം കെട്ടിക്കിടക്കുന്നതുകൊണ്ട് തെങ്ങ് കൃഷി ദീർഘകാലാടിസ്ഥാനത്തിൽ നാശത്തെ നേരിടുകയാണ്. ഈ പ്രദേശത്തെ കിണറുകളിലാകെ ഉപ്പുവെള്ളം കയറിയതുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുന്നില്ല. പുഴയോരങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുകയാണ് ഇത് പരിഹരിക്കുവാൻ ശാശ്വതമായി ചെയ്യേണ്ടത്. പക്ഷേ അതിന് വലിയ സംഖ്യ ആവശ്യമാണ്. അടിയന്തര പരിഹാരമെന്നുള്ള നിലയിൽ അവിടെ ഈ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലുള്ള ആളുകൾക്ക് കുടിക്കാൻ ശുദ്ധജലം എത്തിക്കേണ്ടതുണ്ട്. അതുപോലെ തന്നെ കാർഷിക വിളകൾക്ക് സംഭവിച്ചിട്ടുള്ള നാശത്തിന് നഷ്ടപരിഹാരം കൊടുക്കണം. താൽക്കാലികമായി ഉപ്പുവെള്ളം കയറുന്നത് തടയാൻ അവിടെ ചെളി കോരി ഇട്ട് ബണ്ട് നിർമ്മിക്കാൻ കഴിയും. പത്ത് ഇരുപത്തിയഞ്ച് ലക്ഷം രൂപ ഉണ്ടെങ്കിൽ ആ പ്രവർത്തനം നടത്താൻ വേണ്ടി കഴിയുന്നതാണ്. അടിയന്തരമായും ഈ മേഖലയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, ഇപ്പോൾ ഉണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. വളരെ അപ്രതീക്ഷിതമായിട്ടുള്ള, ഇതിന് മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ലാത്ത രീതിയിലാണ് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ചൂണ്ടിക്കാണിച്ച ഈ സംഭവം. വീടുകൾക്ക് ഉള്ളിലേയ്ക്ക് വെള്ളം കയറുകയാണ്. അതും ഒരുപാട് ഉയരത്തിലേയ്ക്ക് വെള്ളം കയറിവരികയാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് ശാസ്ത്രീയമായിട്ട് എന്തൊക്കെ നമുക്ക് ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകാൻ വേണ്ടി ഭൗമശാസ്ത്ര പഠനകേന്ദ്രത്തിലെ ശാസ്ത്രജ്ഞരോട് ആവശ്യപ്പെടുന്നതാണ്. ഏറ്റവും വേഗത്തിൽ ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽത്തന്നെ അവർ അവിടെ വന്ന് റിപ്പോർട്ട് തയ്യാറാക്കി നൽകണം. അതോടൊപ്പംതന്നെ ജില്ലാ കളക്ടറോടും ശ്രീ എം. പ്രകാശൻ മാസ്റ്റർ ഇവിടെ സൂചിപ്പിച്ചതുപോലെ ഇവിടെ ബണ്ട് കെട്ടുന്നതും കുടിവെള്ളം എത്തിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അടിയന്തരമായി എന്താണ് ചെയ്യേണ്ടത് എന്നത് സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി എസ്റ്റിമേറ്റ് ഉൾപ്പെടെ ഗവൺമെന്റിലേക്ക് നൽകിയാൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും എത്രത്തോളം തുക അനുവദിക്കാൻ കഴിയുമോ അതിന്റെ മാനദണ്ഡമനുസരിച്ച് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഇതുപോലെ ഒരു സംഭവം മലപ്പുറം ജില്ലയിലെ ബാലത്തുരുത്തിയിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(10) യോഗ്യതയില്ലാത്ത അദ്ധ്യാപകരുടെ നിയമനം

ശ്രീ. കെ. ബി ഗണേഷ് കുമാർ : സർ, സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ കാര്യത്തിലാണ് ജനങ്ങൾക്ക് വിശ്വാസമുള്ളത്. കാരണം നല്ല മാർക്കില്ലാത്ത കുട്ടികളേയും യോഗ്യതയില്ലാത്ത കുട്ടികളേയും മറ്റ് സ്വാശ്രയ കോളേജുകൾ സ്വീകരിച്ചാലും മെരിറ്റ് നോക്കിയാണ് ഐ.എച്ച്.ആർ.ഡി. കോളേജുകൾ കുട്ടികളെ എടുക്കുന്നത് എന്നുള്ള ഒരു സമാധാനം രക്ഷിതാക്കൾക്കുണ്ട്. പക്ഷേ ഇന്ന് ദൗർഭാഗ്യവശാൽ കണ്ടുവരുന്ന ഒരു മോശപ്പെട്ട കീഴ്വഴക്കം എന്ന് പറയുന്നത് ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ അയോഗ്യരായ അദ്ധ്യാപകർ പഠിപ്പിക്കുന്നു എന്നുള്ളതാണ്. ഏതെങ്കിലും വളഞ്ഞ വഴിയിലൂടെ ഐ.എച്ച്.ആർ.ഡി. കോളേജിലെ ഏതെങ്കിലും ഒരു താഴ്ന്ന തസ്തികയിൽ കടന്നുകയറിയിട്ട് തമിഴ്നാട്ടിലുള്ള ഭാരതീയാർ, അണ്ണാമലൈ പോലുള്ള വിദൂര സർവ്വകലാശാലകളിലെ ഡിഗ്രികൾ സമ്പാദിച്ച്

LIBRARY ARCHIVES Kerala Legislative Assembly